## Online press releases from Directorate, Thiruvananthapuram

### മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ്: മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചു

സർക്കാർ ജീവനക്കാരുടെ മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ് അപേക്ഷകൾ തീർപ്പുകല്പിക്കുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിന് ആരോഗ്യ കുടുംബക്ഷേമ വകുപ്പ് തുടർമാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു. ഇതനുസരിച്ച് സർക്കാർ അംഗീകൃത സ്വകാര്യ ആശുപത്രികളിൽ ചികിത്സ നടത്തിയത് സംബന്ധിച്ച് അംഗീകൃത മെഡിക്കൽ അറ്റൻഡന്റ് റഫർ ചെയ്ത് അപേക്ഷകളിന്മേൽ കെ.ജി.എസ്.എം.എ. ചട്ടങ്ങൾക്ക് അനുസൃതമായി സെക്രട്ടേറിയറ്റിലെ അതത് വകുപ്പുകളുടെ (ധനകാര്യ, നിയമ വകുപ്പുകൾ ഉൾപ്പെടെ) ഭരണവിഭാഗങ്ങൾക്ക് തീർപ്പുകല്പിക്കാവുന്നതാണ്. സെക്രട്ടറി തലത്തിൽ പ്രത്യേകാനുമതി ആവശ്യമായ (അംഗീകൃതമല്ലാത്ത സ്വകാര്യ ആശുപത്രികളിൽ ചികിത്സ നടത്തിയത് സംബന്ധിച്ചവ ഉൾപ്പെടെ) അപേക്ഷകൾ മാത്രമേ ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയത്തിലേക്ക് അയയ്ക്കേണ്ടതുള്ളൂ എന്നും ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. പി.എൻ.എക്സ്. 4819/12

Maintained by Web & New Media Division, Information & Public Relations Department